**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1678** **05-07-2022 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി ഗവ: കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | തലശ്ശേരി ഗവ:കോളേജിന്റെ (ചൊക്ലി) അടിസ്ഥാന സൗകര്യ വികസനത്തിന് ഭരണാനുമതി ലഭിച്ച മുഴുവൻ പ്രവൃത്തികളുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | തലശ്ശേരി സർക്കാർ കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം, ലേഡീസ് ഹോസ്റ്റൽ നിർമ്മാണം, കാന്റീൻ ബ്ലോക്ക് നിർമ്മാണം എന്നീ പ്രവർത്തികൾക്ക് 10.38 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി മുഖാന്തിരം നടത്തപ്പെടുന്ന പ്രസ്തുത പ്രവർത്തികൾ KITCO യുടെ നേതൃത്വത്തിലാണ് നടത്തുന്നത്. മണ്ണ് പരിശോധന, ടെൻഡർ നടപടികൾ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. കോളേജിന്റെ ചുറ്റമതിൽ, അക്കാദമിക് ബ്ലോക്കിന്റെ രണ്ടാം നില, ലൈബ്രറി കോംപ്ലക്സ് എന്നിവയുടെ നിർമ്മാണം നടത്തുന്നത് പൊതുമരാമത്തു വകുപ്പാണ്. ചുറ്റമതിൽ നിർമ്മാണത്തിന് പൊതുമരാമത്തു വകുപ്പ് എസ്റ്റിമേറ്റ് പുതുക്കുകയാണ്. ടി പ്രവർത്തികളുടെ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പ്രവൃത്തി പൂർത്തീകരണത്തിന് ഇതുവരെ എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കിഫ്ബി മുഖാന്തിരം നടക്കുന്ന നിർമ്മാണ പ്രവർത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്തു വിഭാഗം നടത്തേണ്ട പ്രവർത്തികളുടെ ടെൻഡർ നടപടി ആരംഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ഇനി എന്തൊക്കെ നടപടിക്രമങ്ങൾ ആണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | കിഫ്ബി മുഖാന്തിരം പൂർത്തീകരിക്കേണ്ട പ്രവർത്തികളുടെ ടെൻഡർ നടപടികൾ കഴിഞ്ഞതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കാൻ കഴിയുന്നതാണ്. ചുറ്റമതിൽ നിർമ്മാണത്തിനായുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്തു തയ്യാറാക്കുന്നതിനാൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമായതിനു ശേഷം ഭരണാനുമതിയും ഫണ്ടും നൽകേണ്ടതാണ്. അതിനു ശേഷം ടെൻഡർ നടപടികൾ പൂർത്തീകരിച്ചു നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ